# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.2272 | 20.06.2012 ൽ മറുപടിക്ക്

### ലഹരി വസ്തുക്കളുടെ വിപണനം തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ ബഷീർ:<br>,, വി. എം. ഉമ്മർ മാസ്റ്റർ:<br>,, കെ. എം. ഷാജി:<br>,,എൻ. എ. നെല്ലിക്കുന്ന്: | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ലഹരി വസ്തുക്കൾ അമിതമായി ഉപയോഗിക്കുന്ന നോർത്ത് ഇന്ത്യൻ തൊഴിലാളികളിലൂടെ സംസ്ഥാനത്തെ ചെറുപ്പക്കാർക്കിടയിലും ലഹരിവസ്തുക്കളുടെ ഉപയോഗം വർദ്ധിച്ച വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സംസ്ഥാനത്തെ ചെറുപ്പക്കാരുടെ ഇടയിൽ നിക്കോട്ടിൻ, പുകയില എന്നിവ അടങ്ങിയ ഗുഡ്ക, പാൻമസാല എന്നിവയുടെ ഉപയോഗം കൂടി വരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ അത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരണം നല്കുമോ ; | (ബി) | സംസ്ഥാനത്ത് നിക്കോട്ടിൻ, പുകയില എന്നിവ അടങ്ങിയ ഗുഡ്ക, പാൻമസാല എന്നിവയുടെ വില്പ്പന ഫുഡ് സേഫ്റ്റി കമ്മീഷണറുടെ ഉത്തരവ് വഴി സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. |
| (സി) | ലഹരിവസ്തുക്കളുടെ വില്പന നിരോധനം ഫലപ്രദമായി നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (സി) | സംസ്ഥാനത്ത് പാൻമസാല നിരോധനം നടപ്പിൽ വന്നിട്ടുണ്ട്. സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണറുടെ ഉത്തരവ് നം.എ/1327/2012/സി.എഫ്.എസ് തീയതി 22.05.2012 പ്രകാരം പുകയില, നിക്കോട്ടിൻ എന്നിവ അടങ്ങിയിട്ടുള്ള പാൻമസാലകൾ, ഗുഡ്ക എന്നിവയുടെ ഉല്പാദനം, ശേഖരണം, വിതരണം എന്നിവ നിരോധിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികളെ പുകയില ഉല്പന്നങ്ങൾ ഉപയോഗിക്കുന്ന തിൽ |

നിന്നും പിൻതിരിപ്പിക്കുവാനായി സ്കൂളുകളിൽ 400 മീറ്റർ ചുറ്റളവിൽ പുകയില ഉല്പന്നങ്ങൾ വിൽക്കുന്നത് നിരോധിച്ചിട്ടുണ്ട്. ഇത് കർശനമായി നടപ്പിലാക്കുന്നതിനായി സ്കൂൾ കമ്മിറ്റികൾ രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാതലത്തിലും സംസ്ഥാന തലത്തിലുമുള്ള മോണിറ്ററിംഗ് കമ്മിറ്റികൾ സ്കൂൾ കമ്മിറ്റികളുടെ പ്രവർത്തനം ശരിയായി നടക്കുന്നുണ്ടോ എന്ന് വിലയിരുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിൽ പുകയില ഉല്പന്നങ്ങൾ നിരോധിച്ചുകൊണ്ടുള്ള ബോർഡ് സ്ഥാപിക്കണമെന്ന് നിയമം അനുശാസിക്കുന്നു. 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് പുകയില ഉല്പന്നങ്ങൾ വിൽക്കുന്നത് നിയമവിരുദ്ധമാണ് എന്ന് കാണിച്ചിട്ടുള്ള ബോർഡ് കടകളിൽ പ്രദർശിപ്പിക്കണം എന്ന് നിയമം അനുശാസിക്കുന്നു. പുകയില ഉല്പന്നങ്ങളുടെ പരസ്യബോർഡുകളുടെ അംഗീകൃത വലിപ്പം (16" X45 ") വ്യതിചലിച്ച് സ്ഥാപിക്കുന്ന ബോർഡുകൾ നീക്കം ചെയ്യുവാനും നിർദ്ദേശിച്ചുകൊണ്ട് എല്ലാ മേയർമാർ, മുനിസിപ്പൽ ചെയർമാൻമാർ, കോർപ്പറേഷൻ സെക്രട്ടറിമാർ, മുനിസിപ്പാലിറ്റി സെക്രട്ടറിമാർ എന്നിവർക്ക് കത്തെഴുതാൻ തീരുമാനിച്ചിട്ടുണ്ട്. മലയാളം സിനിമകളിൽ പുകയില ഉല്പന്നങ്ങൾ ഉപയോഗിക്കുന്ന സീനുകൾ കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അവ നിയന്ത്രിക്കുന്നതിനായി മാക്ട സംഘടനയ്ക്കും, റീജിയണൽ സെൻസർ ബോർഡിനും കത്തെഴുതാൻ തീരുമാനിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കും, പൊതുജനങ്ങൾക്കും പുകവലിയുടെ ദൂഷ്യവശങ്ങൾ മനസ്സിലാക്കി കൊടുക്കുന്നതിനുള്ള ബോധവൽ

| | | | |
|---|---|---|---|
| | | | ക്കരണ ക്ലാസുകൾ, സെമിനാറുകൾ, റാലി എന്നിവ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 6.12.2011-ലെ ജി.ഒ(ആർ.റ്റി)നം. 4205/11/ ആ.കു.വ. 13.12.11- ലെ ജി.ഒ(എം.എസ്) നം.566/11/ആ.കു.വ പ്രകാരം സബ് ഇൻസ്പെക്ടർമാരിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥരെ കോപ്റ്റ 2003 ലെ ചട്ടം 12 പ്രകാരമുള്ള നടപടികൾ സ്വീകരി ക്കുവാൻ അധികാരപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. 17.05.2012 ലെ സ.ഉ (സാ) നം.1479/2012/ ആഭ്യന്തര നമ്പർ ഉത്തരവ് പ്രകാരം വിദ്യാലയ , ജില്ല, സംസ്ഥാന തലങ്ങളിൽ കമ്മിറ്റി രൂപീകരിച്ച് ചുമതലകൾ നിർണയിച്ച് നൽകി യിട്ടുണ്ട്. |
| (ഡി) | ആശുപത്രികളിലെത്തുന്ന രോഗികളിലൂടെ ലഹരിവസ്തു ക്കൾക്കെതിരെയുള്ള ബോധ വൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുമോ ; | (ഡി) | ബോധവല്കരണത്തിനായി പുകയില യുടെ ദൂഷ്യഫലങ്ങളെക്കുറിച്ചുള്ള ബോർഡുകൾ ആശുപത്രികളിൽ സ്ഥാപിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ